ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 26.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

നേഴ്സുകൾ.

* 1025. [61] ശ്രീ. കെ. എ. ബാലൻ: തഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽവകുപ്പിൽനിന്നും എത്ര നേഴ്സുകളെ ഉപരിപഠനത്തിനായി തിരഞ്ഞെടുക്കുകയുണ്ടായി; എന്തു മാനദണ്ഡമാണ് തിരഞ്ഞെടുപ്പിനു സ്വീകരിച്ചത്; സീനിയോറിറ്റി അവഗണിച്ചു് തിരഞ്ഞെടുപ്പു നടക്കുകയുണ്ടായോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

കഴിഞ്ഞ ജൂലായിൽ 5 നേഴ്സുകളെ New Delhi-യിലെ Nursing College-ൽ ഉപരിപഠനത്തിനായി തിരഞ്ഞെടുത്തയച്ചു. സാമാന്യവും, സാങ്കേതികവുമായ വിദ്യാഭ്യാസയോഗ്യതകൾ, പ്രായം, നേഴ്സിംഗിനുള്ള പരിചയം, ആരോഗ്യസമിതി, സീനിയോറിട്ടി ഇവയാണ് തിരഞ്ഞെടുപ്പിനു് മാനദണ്ഡമായി സ്വീകരിച്ചത്. ഈ യോഗ്യതകളില്ലാത്തവരും, ക്ലിപ്തസമയത്തിനു് അപേക്ഷ അയയ്ക്കാത്തവരുമായ സീനിയറായിട്ടുള്ള നേഴ്സുകളെ തിരഞ്ഞെടുത്തിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 24-11-1955.

സെൻട്രൽ സർവ്വീസിലേയ്ക്കെടുത്തിട്ടുള്ള ഡിപ്പാർട്ടുമെന്റുകൾ.

* 1026. [4] ശ്രീ. പി. ഗോപാലൻ: തഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് സർവ്വീസിൽ നിന്നും എതെല്ലാം ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാരെ സെൻട്രൽ ഗവണ്മെന്റിലേക്കു് എടുത്തിട്ടുണ്ടു്;

(ബി) ഏതു വ്യവസ്ഥയിലാണു് അവരുടെ സേവനം വിട്ടുകൊടുത്തിട്ടുള്ളതു്;

(സി) ഈ വ്യവസ്ഥകൾ സെൻട്രൽഗവണ്മെന്റു് പാലിച്ചിട്ടുണ്ടോ;

(ഡി) ഈ വിധത്തിൽ ഉദ്യോഗം ലഭിച്ച വല്ല ഉദ്യോഗസ്ഥന്മാരിൽനിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ടെലഫോൺ
അഞ്ചൽ
കസ്റ്റംസ്
സെൻട്രൽ എക്സൈസ്
} അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഒഴിച്ചുള്ള ഇൻകം ടാക്സ്.
ടെയിഡ്മാക്ക്
ലൈറ്റ് ഹൗസ്
സ്റ്റോറ്ഫോഴ്സസ്
ബ്രോഡ്കാസ്റ്റിംഗ്
പേറന്റ്സ്, കാപ്പിറൈറ്റ്

(ബി) തങ്ങളുടെ ഭരണകാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിനുതന്നെ ആവശ്യമായവരൊഴികെ കേന്ദ്രകാര്യവുമായി ബന്ധപ്പെട്ട ജോലിയിൽ യഥാർത്ഥത്തിൽ ഏർപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരെ, കേന്ദ്രഗവണ്മെന്റിന്റെ അനുയോജ്യ ഗ്രേഡുകളിലും നിയ്ക്കപ്പെട്ടിട്ടുള്ള തീയതിക്കു മുൻപു അവരവർ അനുഭവിച്ചുവന്നിരുന്ന ആനുകൂല്യങ്ങളിൽ ഒട്ടും കുറവില്ലാത്ത വ്യവസ്ഥകളിന്മേലും എടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നതു്.

(സി) ഉണ്ടു്.

(ഡി) ഉണ്ടു്.

മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ.

* 1027. [6] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ എന്നൊരു സംഘടന നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംഘടനയെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അങ്ങനെ ഒരു സംഘടന ഗവണ്മെന്റ് അംഗീകാരത്തിനായി അപേക്ഷിച്ചിട്ടുണ്ടു്.

(ബി) കാര്യം പരിഗണനയിലിരിക്കുകയാണു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വ്യവസായ സമാധാനം.

* 1028. [8] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായസമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി ഗവണ്മെന്റിൽ നിന്നും തൊഴിലാളിനേതാക്കളടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ കമ്മറ്റിയെ എത്രതവണ വിളിച്ചുകൂട്ടി;

LIBRARY ARCHIVES Kerala Legislative Assembly